# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2922** **10.05.2017-ൽ മറുപടിയ്ക്ക്**

## കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീഐ.സി.ബാലകൃഷ്ണൻ: | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) | കോഴിക്കോട് നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് 11.09.2015ൽ 6728 കോടി രൂപയ്ക്ക്, ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചിമെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ-ഉം മറ്റു വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട് പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു SPV (Special Purpose Vehicle) രൂപീകരിച്ചു. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.യെ നിയമിച്ചു കൊണ്ടുള്ള കരാർ 20.01.2016-ന് ഒപ്പുവയ്ക്കുകയും ചെയ്തു. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് ആവശ്യങ്ങൾക്കായി 8.2819ഹെക്ടർ സർക്കാർ ഭൂമി സർക്കാർ ഉത്തരവ് പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾ നിർമ്മിക്കാൻ ആവശ്യമായ 1.447 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ 08.09.2016 ൽ ഭരണാനുമതി നൽകിയിട്ടുണ്ട് പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | ലൈറ്റ് മെട്രോയുടെ ആദ്യഘട്ടമായ മെഡിക്കൽ കോളേജ് മുതൽ മീൻചന്ത വരെയുള്ള പാതയിലെ ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ്; എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; | (ബി) | കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയുള്ള ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 8.09.2016-ലെ ജി.ഒ.(എം.എസ്) 67-2016-പി.ഡബ്ള്യൂ.ഡി പ്രകാരം അനുമതി നൽകിയിട്ടുണ്ട് സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട് പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| (സി) | കേന്ദ്ര സർക്കാരിന്റെ പബ്ലിക് ഇൻവസ്റ്റ്മെന്റ് ബോർഡിന്റെ അനുമതി പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; അനുമതി ലഭിച്ചില്ലായെങ്കിൽ വായ്പയെടുത്ത് പ്രവൃത്തിതുടങ്ങണം എന്ന നിർദ്ദേശം ഡി.എം.ആർ.സി. മുന്നോട്ട് വച്ചിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാരിന്റെ പബ്ളിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അനുമതി പദ്ധതിക്ക് ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകും എന്ന നിഗമനത്തിലാണ് കേരള സർക്കാർ ഇതുവരെയുള്ള നടപടികൾ സ്വീകരിച്ചത്. അനുമതി ലഭിക്കില്ല എന്ന സൂചന ഇതുവരെ കേന്ദ്രസർക്കാരിൽ നിന്നോ ഡി.എം.ആർ.സി-യിൽ നിന്നോ ഉണ്ടായിട്ടില്ല അനുമതി ലഭ്യമായില്ല എങ്കിൽ എന്തു ചെയ്യണമെന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല, ഈ വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഡി) | മാനാഞ്ചിറ മീൻചന്ത റോഡിന്റെ വികസനം ഡി.എം.ആർ.സി. യെ ഏൽപ്പിക്കണമെന്ന നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു; | (ഡി) | 26.02.2014-ലെ ജി.ഒ.(എം.എസ്)23/14/പൊ.മ.വ.പ്രകാരം മാനാഞ്ചിറ മീഞ്ചന്ത റോഡ് ഉൾപ്പെടെയുള്ള കോഴിക്കോട് നഗരവികസന പദ്ധതിക്ക് കേരള റോഡ് ഫണ്ട് ബോർഡിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല. |
| (ഇ) | പദ്ധതി അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ ലൈറ്റ് മെട്രോയുടെകോഴിക്കോട് ഓഫീസ് പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഇ) | ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കോഴിക്കോട്ടെ ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**